ഹമീദ് വാണിമേൽ

# അൾട്രാ സെക്യുലരിസ്റ്റുകളോട് ഒരഭ്യർഥന

**ഇസ്‌ലാമിന്റെ** ബാനർ ദുരുപയോഗപ്പെടുത്തി ചിലർ നടത്തുന്ന ഹിംസാത്മക പ്രവർത്തനങ്ങൾക്ക് വൻ പ്രചാരണം നൽകാൻ മീഡിയയും ഭൗതികവാദികളും മത്സരിക്കുന്നത് നാം കാണുന്നു. എന്നാൽ ജനാധിപത്യമാർഗങ്ങളിലൂടെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ആർജിക്കുന്ന ജനപിന്തുണയും അതിനെ തകർക്കാനുള്ള സാമ്രാജ്യത്വ-സയണിസ്റ്റ് ഗൂഢാലോചനകളും ഇക്കൂട്ടർ ജനശ്രദ്ധയിൽനിന്ന് മറച്ചുപിടിക്കുകയും ചെയ്യുന്നു. ലബനാൻ, ഇറാഖ്, ഇറാൻ, ഫലസ്തീൻ, പാകിസ്താൻ, ഈജിപ്ത്, അൾജീരിയ, തുർക്കി എന്നിവിടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ജനങ്ങൾ കൂട്ടത്തോടെ ഇസ്‌ലാമിക പശ്ചാത്തലമുള്ള പ്രസ്ഥാനങ്ങൾക്ക് വോട്ട് രേഖപ്പെടുത്തുകയുണ്ടായി. ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനം ആവേശപൂർവം നെഞ്ചിലേറ്റാനുള്ള ആർജവവും അവർ പ്രകടിപ്പിച്ചു. യാഥാർഥ്യമിതായിരിക്കെ, കമ്യൂണിസ്റ്റ് ബുദ്ധിജീവികളും അൾട്രാ സെക്യുലരിസ്റ്റുകളും, മത-ഭൗതിക ജീവിതത്തെ ഒന്നിച്ചു പ്രതിനിധീകരിക്കാനുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രകൃതിപരമായ ശേഷിയെ നിരാകരിക്കുകയും പ്രത്യയശാസ്ത്രപരമായ കരുത്തിനെ വികൃതമായി അവതരിപ്പിക്കുകയും ചെയ്യുന്ന പിന്തിരിപ്പൻ നിലപാടിൽ ഒരു മാറ്റവും വരുത്താൻ തയാറല്ല.

ലോകത്തിന്റെ ഏതോ മൂലയിൽ പ്രത്യക്ഷപ്പെടുന്ന പ്രസിദ്ധീകരണങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ ഇകഴ്ത്തുന്ന ലേഖനം കണ്ടാൽ അത് മലയാളി വായനക്കാരിലെത്തിക്കാൻ ഇവർ കാണിക്കുന്ന ഉത്സാഹം അപാരം തന്നെ. ജനാധിപത്യ പ്രക്രിയയിലൂടെയുള്ള ഇസ്‌ലാമിക വ്യവസ്ഥയുടെ തിരിച്ചുവരവ് അവഗണിക്കുന്നതിലും ഇവർ അത്യുത്സാഹികളാണ്. ഈജിപ്തിലെ ഏകാധിപതി ഹുസ്നി മുബാറക് സർവശക്തിയുമുപയോഗിച്ച് ഈ കാലത്തെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂനെ അടിച്ചമർത്തിയിട്ടും ഈജിപ്തിലെ അവഗണിക്കാൻ സാധിക്കാത്ത രാഷ്ട്രീയ ശക്തിയായി അത് മാറിക്കഴിഞ്ഞു. 1954 മുതൽ അറബ് ലോകത്തെ ഏറ്റവും വലിയ ഏകാധിപതിയുടെ അടിച്ചമർത്തലുകളെ അതിജീവിച്ച ഇഖ്‌വാൻ 1984 മുതൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കാനാരംഭിച്ചു. 1995-ൽ 'ഇസ്‌ലാമാണ് പരിഹാരം' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചാണ് അവർ തെരഞ്ഞെടുപ്പിനെ നേരിട്ടത്. 2005-ൽ ഇഖ്‌വാൻ തെരഞ്ഞെടുപ്പിൽ 85 സീറ്റ് നേടി ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയായി. ഈ മാറ്റം ഈജിപ്തിൽ മാത്രം പരിമിതമല്ല.

ഇസ്‌ലാമിക ചെറുത്തുനിൽപ് പ്രസ്ഥാനമായ ഹമാസ് തെരഞ്ഞെടുപ്പിൽ നേടിയ വിജയവും ശ്രദ്ധേയമാണ്. ആദ്യ മത്സരത്തിൽ തന്നെ 132 പാർലമെന്റ് സീറ്റുകളിൽ 76-ലും അവർ വിജയിച്ചു. അതും 57.6 ശതമാനം വോട്ട് നേടിക്കൊണ്ട്. ഫലസ്തീൻ ജനതയുടെ പിറന്ന മണ്ണിനുവേണ്ടി ആയുധംകൊണ്ട് മാത്രമല്ല ജനാധിപത്യ സംവിധാനത്തിലൂടെയും പോരാട്ടം സാധ്യമാക്കാമെന്നാണ് ഹമാസിന്റെ വിജയം നൽകിയ പാഠം. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നേടുന്ന തെരഞ്ഞെടുപ്പു വിജയങ്ങൾ കേവലം മതവൈകാരികതയുടെ വിജയമല്ല. വിപുലമായ ജനസേവന പ്രവർത്തനങ്ങളിലൂടെയും മനുഷ്യാവകാശ പ്രശ്നങ്ങളിലുള്ള നിരന്തര ഇടപെടലുകളിലൂടെയും ജനഹൃദയങ്ങളിലേക്കിറങ്ങി സാമൂഹിക വിപ്ലവത്തിന് നേതൃത്വം കൊടുക്കാൻ സാധിച്ചതാണ് ഈ വിജയങ്ങളുടെ രഹസ്യം. തീവ്രവാദ പ്രസ്ഥാനമായി ചിലർ മുദ്രകുത്തുന്ന ഹമാസ് നടത്തുന്ന പ്രവർത്തനങ്ങളിൽ എഴുപത് ശതമാനവും ജീവകാരുണ്യ പ്രവർത്തനങ്ങളാണെന്ന് ഹമാസിന്റെ തെരഞ്ഞെടുപ്പ് വിജയത്തെ വിലയിരുത്തിയ രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജനാധിപത്യമാർഗത്തിലൂടെയുള്ള ഈ മുന്നേറ്റത്തെ മതാഭിമുഖ്യമുള്ളത് എന്ന ഒറ്റക്കാരണത്താൽ പഴഞ്ചനെന്നും യാഥാസ്ഥികമെന്നും വിശേഷിപ്പിച്ച് എഴുതിത്തള്ളുകയാണ് സെക്യുലർ ശക്തികൾ.

## തുർക്കിയും സെക്യുലരിസവും

മതത്തെയും മതചിഹ്നങ്ങളെയും നിഷ്കാസനം ചെയ്ത് ശുദ്ധ ഭൗതിക വ്യവസ്ഥ കെട്ടിപ്പടുത്ത രാജ്യമാണ് തുർക്കി. ഏഴേ കാൽ കോടി ജനങ്ങളുള്ള തുർക്കിയിൽ -മഹാഭൂരിപക്ഷവും മുസ്‌ലിംകൾ- മതത്തെ ഭരണകൂടം ശക്തമായി അടിച്ചമർത്തിയിട്ടും ഒരു നൂറ്റാണ്ടോളം മതവിരുദ്ധ സെക്യുലരിസം സക്ഷ്മതലങ്ങളിൽ പോലും അടക്കിവാണിട്ടും ഇപ്പോൾ മതാഭിമുഖ്യമുള്ള ശക്തി തന്നെയാണ് ജനാധിപത്യത്തിലൂടെ തിരിച്ചു വന്നിരിക്കുന്നത്. ഇതിൽ എ.കെ പാർട്ടി കാണിച്ച രാഷ്ട്രീയ നയതന്ത്രങ്ങൾ സൂക്ഷ്മ വിശകലനം ആവശ്യപ്പെടുന്നതാണെങ്കിലും അതിന്റെ അന്തസ്സത്ത മതമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. 550 അംഗ പാർലമെന്റിൽ 48 ശതമാനം വോട്ട് നേടി എ.കെ പാർട്ടി വിജയിക്കുകയും പ്രസിഡന്റായി അബ്ദുല്ല ഗുൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മതവികാരം ഇളക്കിവിട്ടല്ല എ.കെ പാർട്ടി അധികാരത്തിലേറിയത്. രാജ്യത്തിന്റെ പൊതു വളർച്ചയും ജനക്ഷേമ പ്രവർത്തനങ്ങളുമായിരുന്നു അവരുടെ മുഖ്യ പരിഗണനയിൽ വന്നത്. മറുപക്ഷത്തുള്ള സെക്യുലരിസ്റ്റുകളാവട്ടെ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ കണക്കിലെടുക്കാതെ സ്ത്രീയുടെ തലമറക്കൽ പ്രശ്നത്തിലും വ്യഭിചാരം നിരോധിക്കുന്നവരെ തടയുമെന്ന ഭീഷണിപ്പെടുത്തലിലും തെരഞ്ഞെടുപ്പ് അജണ്ടയെ ചുരുക്കി

ക്കെട്ടുകയായിരുന്നു. കഴിഞ്ഞ 5 വർഷമായി 7 ശതമാനം ആഭ്യന്തര ഉൽപാദന വളർച്ച കൈവരിച്ചും വൻ കയറ്റുമതിയിലൂടെ ലോകമാർക്കറ്റുകളിൽ ടർക്കിഷ് ഉൽപന്നങ്ങൾ എത്തിച്ചും പണപ്പെരുപ്പവും നികുതിയും നിയന്ത്രിച്ചും എ.കെ പാർട്ടി മാതൃകാ ഭരണമാണ് കാഴ്ചവെച്ചത്. ഇതിന്റെ സ്വാഭാവിക ഫലമാണ് ഇപ്പോഴത്തെ ശക്തമായ തിരിച്ചുവരവ്. ഇതെല്ലാം മനസ്സിലാക്കിയിട്ടും നമ്മുടെ നാട്ടിലെ ചില സെക്യുലരിസ്റ്റുകൾ മതസ്പർശമുണ്ടെന്ന ഏക കാരണത്താൽ പുരോഗമനപരമായ സാമൂഹികമാറ്റങ്ങളെ അന്ധമായി എതിർക്കുകയാണ്.

കമ്യൂണിസ്റ്റ് ബുദ്ധിജീവി പി. ഗോവിന്ദപിള്ള തുർക്കിയിലെ തെരഞ്ഞെടുപ്പ് വിജയങ്ങളെ വിചാരണ ചെയ്തുകൊണ്ട് എഴുതുന്നു:

"അത്താതുർക്കിന്റെ നിര്യാണത്തിനു ശേഷം ഈ ആധുനീകരണപ്രക്രിയ അവസാനിച്ചെങ്കിലും തുർക്കി ഒരിക്കലും അതിൽനിന്ന് പിറകോട്ട് പോയിട്ടില്ല. മതനിരപേക്ഷതയും ആധുനിക ജീവിത ശൈലിയും, സ്ത്രീപുരുഷസമത്വവും സാർവത്രിക വിദ്യാഭ്യാസവും എല്ലാ രാഷ്ട്രീയ മാറ്റങ്ങൾക്കിടയിലും തുർക്കികളുടെ മുഖമുദ്രയായി തുടരുകയും തുർക്കി മറ്റ് മുസ്‌ലിം രാജ്യങ്ങളിൽനിന്ന് അതിന്റെ വ്യത്യസ്തത നിലനിർത്തുകയും ചെയ്തു. എന്നാൽ ആഗോളതലത്തിൽ അടുത്തകാലത്തുണ്ടായ മാറ്റങ്ങളെയും മതമൗലികവാദമുന്നേറ്റത്തെയും പൂർണമായി ചെറുത്തു നിൽക്കാൻ തുർക്കിക്ക് കഴിഞ്ഞില്ല" (*ദേശാഭിമാനി* 2007 ജൂലൈ 28).

തുർക്കി സാമ്പത്തിക-വിദേശ കാര്യരംഗങ്ങളിൽ നേടിയ വളർച്ച ഭൗതികവാദിയായ ഗോവിന്ദപിള്ള കണ്ട മട്ടേ ഇല്ല. മതത്തിന്റെ നിഴൽ കണ്ട് അങ്കം വെട്ടാനിറങ്ങിയിരിക്കുകയാണ് അദ്ദേഹം. അതുകൊണ്ടാണ് എ.കെ പാർട്ടിയുടെ വിജയത്തെ മതമൗലികവാദ വിജയമായി അദ്ദേഹത്തിന് അനുഭവപ്പെടുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് വിജയത്തിന് ഏത് മതവൈകാരികതയും ചൂഷണം ചെയ്യാൻ ഇവർക്കൊന്നും മടിയുമില്ല. കാർഷിക-തൊഴിൽ മേഖലയിലടക്കം നിരവധി ജീവിത പ്രശ്നങ്ങൾകൊണ്ട് നട്ടം തിരിയുന്ന കേരളത്തിൽ സദ്ദാം വധവും ഇറാഖ് യുദ്ധവുമൊക്കെ വോട്ടാക്കി മാറ്റാനാണല്ലോ ഇടതുപക്ഷം ശ്രമിച്ചത്. മതത്തിന്റെ പുരോഗമനപരതയും ഭൗതിക പ്രശ്നങ്ങളിലുള്ള ഇടപെടലുകളും രാഷ്ട്രീയമായ അതിന്റെ മുഖവും നിരാകരിക്കുന്ന അതേ ശുദ്ധ ഭൗതികവാദികൾ തന്നെ അന്ധവിശ്വാസങ്ങളെയും യാഥാസ്ഥിതികതയെയും പൂവിട്ടു പൂജിക്കാൻ മത്സരിക്കുന്ന വിരോധാഭാസം നാം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. നേർച്ച സ്ഥാപനങ്ങൾക്ക് കാവലിരിക്കാനും ക്ഷേത്ര കമ്മിറ്റികളിൽ കയറിപ്പറ്റാനും അധികാര രാഷ്ട്രീയത്തിന്റെ പിൻബലം അവർ ഉപയോഗിക്കും. ആചാരപരമായ മതത്തെ നിലനിർത്തുകയെന്നതും ആദർശപരവും ജീവിതഗന്ധിയുമായ മതത്തെ കുഴിച്ചു മൂടുകയെന്നതുമാണ് ഭൗതിക ശക്തികളുടെ ഇപ്പോഴത്തെ ലക്ഷ്യം.

## ഇസ്‌ലാമും സെക്യുലരിസവും

കേരളത്തിലെ ആനുകാലികങ്ങളിൽ ഇസ്‌ലാമിസ്റ്റുകളെ എല്ലാ ആഴ്ചയും കൈകാര്യം ചെയ്യുന്ന അൾട്രാ സെക്യുലരിസ്റ്റുകൾ ഇസ്‌ലാമിക അടിത്തറയിൽ രൂപപ്പെടുന്ന ഏത് സാമൂഹികമാറ്റത്തെയും കണ്ണടച്ച് എതിർക്കും. മതം മനുഷ്യ ജീവിതത്തിൽ ഇടപെട്ടാൽ അതോടെ സാമൂഹിക വ്യവസ്ഥിതി തകരുമെന്നാണ് ഇവരുടെ നിലവിളി. ഭൗതിക അടിത്തറയിൽനിന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് വിദ്യാഭ്യാസ-പരിസ്ഥിതി പ്രശ്നങ്ങളിൽ ഇടപെട്ടാൽ അത് പുരോഗമനപരവും ഇസ്‌ലാമിക ദർശനത്തിലധിഷ്ഠിതമായ കാഴ്ചപ്പാടിലൂടെ സോളിഡാരിറ്റി ഇടപെട്ടാൽ മതമൗലികവാദവുമായി ഇവർക്കനുഭവപ്പെടുന്നു.

ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ വളഞ്ഞിട്ട് കല്ലെറിയുന്ന ഈ സെക്യുലർ മൗലികവാദികൾക്ക് ഖുർആനിന്റെയും പ്രവാചക ജീവിതത്തിന്റെയും വെളിച്ചത്തിൽ ഇസ്‌ലാമിനെ മനസ്സിലാക്കാൻ സാധിക്കാത്തതാണ് മുഖ്യ പ്രശ്നം. പ്രസിദ്ധ ഖുർആൻ നിദാനശാസ്ത്ര പണ്ഡിതനായ അബ്ദുൽവഹാബ് അൽ ഖല്ലാഫ് ഇസ്‌ലാമിന്റെ സമഗ്രതയെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്: "ഇസ്‌ലാമിനെ ആരെങ്കിലും മത-ഭൗതിക വിഭജനം നടത്തി വേർതിരിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ സിവിൽ, ക്രിമിനൽ നിയമങ്ങളും സാമൂഹിക-സാമ്പത്തിക-യുദ്ധ നിയമങ്ങളുമടക്കം 265-ലധികം സൂക്തങ്ങൾ ഖുർആനിൽനിന്ന് അടർത്തിമാറ്റേണ്ടിവരും."

'ഒരു മതനിരപേക്ഷവാദിയുടെ സ്വതന്ത്ര ചിന്തകൾ' എന്ന ഹമീദ് ചേന്ദമംഗല്ലൂരിന്റെ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പുസ്തകത്തെ പരിചയപ്പെടുത്തിക്കൊണ്ട് നടത്തിയ പ്രഭാഷണത്തിൽ പ്രമുഖ ചരിത്രകാരനായ എം.ജി.എസ് നാരായണൻ പറഞ്ഞു:

"മുഹമ്മദ് നബി മുഴുവൻ സമയ പ്രവാചകനാണെന്നപോലെ തന്നെ സൈന്യാധിപനും ഭരണാധികാരിയുമായിരുന്നു. ഖാലിഫേറ്റ് സ്ഥാപിച്ച് തന്റെ ജനങ്ങൾക്ക് ഏൽപിച്ചുകൊടുക്കുന്ന മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. തീരെ ഇരുളടഞ്ഞ അറബികളെ വഴക്കിയെടുക്കാനുള്ള പുരോഗമനപരമായ ആശയമായിരുന്നു അദ്ദേഹമുണ്ടാക്കിയ നിയമസംഹിതകളെല്ലാം. പക്ഷേ മുഹമ്മദ് നബിയുടെ പിന്തുടർച്ചക്കാരായി അറിയപ്പെടുന്ന ഇസ്‌ലാം മതവിശ്വാസികൾ രാഷ്ട്രീയവും മതവിശ്വാസവും തമ്മിൽ വേർതിരിക്കുന്നു. ഇതെങ്ങനെ വേർതിരിക്കാൻ കഴിയും എന്നുള്ളത് എന്റെ സംശയമാണ്. ഗാന്ധി ആവശ്യപ്പെട്ടത് നാം ഇന്ന് അർഥം കൊടുക്കുന്ന മതനിരപേക്ഷതയല്ല. മറിച്ച് മത സാഹോദര്യമാണ്. രാഷ്ട്രീയത്തെയും മതത്തെയും അഭേദ്യമായി കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രവാചകന്റെ ജീവിതചര്യയിൽനിന്ന് വ്യത്യസ്തമായി ആധുനിക ഭാരതത്തിൽ മതനിരപേക്ഷമായ കാഴ്ചപ്പാടുകൾ പ്രാവർത്തികമാക്കണമെന്ന് ഹമീദ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നു. അദ്ദേഹം ഇസ്‌ലാം മതത്തിന്റെ പേരിലാണോ അത് ന്യായീകരിക്കുക? അതോ നമ്മുടെ ആവശ്യങ്ങളുടെയും സാഹചര്യങ്ങളുടെയും ആധുനിക കാലഘട്ടത്തിന്റെ രീതിയിലാണോ ന്യായീകരിക്കുക" (*മലയാളം* വാരിക 2007 ജൂലൈ 27).

ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന ചിന്തകളെയും സാമൂഹിക മാറ്റങ്ങളെയും മതരാഷ്ട്രവാദമെന്ന മുദ്രകുത്തി പതിറ്റാണ്ടുകളോളമായി പത്രമാധ്യമങ്ങളിൽ യുദ്ധം നയിക്കുന്ന ഹമീദ്-കാരശ്ശേരി മോഡൽ അൾട്രാ സെക്യുലരിസ്റ്റുകൾ എം.ജി.എസിന്റെ ആർജവമെങ്കിലും കാണിച്ചിരുന്നെങ്കിൽ! തങ്ങളുടെ മതവിരുദ്ധ പോരാട്ടത്തിന്റെ അപഹാസ്യതയും കാപട്യവും തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹിക പരിസരം മറുഭാഗത്ത് രൂപപ്പെടുകയാണെന്ന് ഇത്തരക്കാർ കാണുന്നുമില്ല.

## ജമാഅത്തും സാമൂഹിക വിപ്ലവവും

ദൈവിക വ്യവസ്ഥിതിയുടെ സംസ്ഥാപനം മുഖ്യലക്ഷ്യമായി അംഗീകരിച്ചുകൊണ്ട് ആറു പതിറ്റാണ്ടിലധികമായി ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിൽ പ്രവർത്തിക്കുന്നു. എന്നാൽ ജമാഅത്തിന്റെ ലക്ഷ്യങ്ങളെ വികൃതമായി അവതരിപ്പിക്കാനാണ് അൾട്രാ സെക്യുലരിസ്റ്റുകൾ എക്കാലവും ശ്രമിച്ചിട്ടുള്ളത്. രാഷ്ട്രീയ അട്ടിമറിക്ക് ശ്രമിക്കുന്നു എന്നാണ് മുഖ്യ ആരോപണം. ദൈവിക വ്യവസ്ഥിതിയുടെ നിർമിതിക്ക് ജമാഅത്ത് കാണുന്നത് കേവലം ഒരു അധികാര കൈമാറ്റമല്ല. ഒരു വ്യവസ്ഥിതിയുടെ എല്ലാ വശങ്ങളെയും പൂർണമായി മാറ്റിമറിക്കുന്ന ഒരു സമ്പൂർണ വിപ്ലവമാണ് അതുദ്ദേശിക്കുന്നത്. ജമാഅത്ത്

ഭരണഘടന അതിങ്ങനെ വ്യക്തമാക്കുന്നു. “വ്യക്തിയുടെ പുരോഗതിയും സമുദായത്തിന്റെ നിർമാണവും രാഷ്ട്രത്തിന്റെ സംവിധാനവുമെല്ലാം ദൈവിക ദർശനത്തിലധിഷ്ഠിതമായിരിക്കണം. മനുഷ്യ ജീവിതത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ സകലതുറകളിലും ഇതിനെ പൂർണമായും നടപ്പിൽ വരുത്തുകയും വേണം” (ഭരണഘടന, ലക്ഷ്യം, പേജ്: 12).

ഈ സമ്പൂർണ സാമൂഹിക വിപ്ലവത്തിന് സ്വീകരിക്കുന്ന പ്രവർത്തന മാർഗവും വിശദീകരിക്കുന്നു:

“ജമാഅത്ത് അതിന്റെ ലക്ഷ്യപ്രാപ്തിക്കായി രചനാത്മകവും സമാധാനാപൂർവവുമായ മാർഗങ്ങൾ അവലംബിക്കുന്നതാണ്. അതായത് ആദർശ പ്രചാരണവും പ്രബോധനവും വഴി ഹൃദയങ്ങളും സ്വഭാവചര്യകളും സംസ്കരിക്കുന്നതും അങ്ങനെ നാടിന്റെ സാമൂഹിക ജീവിതത്തിൽ ഉദ്ദിഷ്ടമായ ഉത്തമ വിപ്ലവം വരുത്തുന്നതിന് പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരുന്നതുമാണ്” (ഭരണഘടന, പ്രവർത്തനമാർഗം, പേജ്: 13).

ലക്ഷ്യം വെക്കുന്ന വിപ്ലവത്തിന് ജനാധിപത്യമാർഗമാണ് സ്വീകരിക്കുക എന്ന് ഖണ്ഡിതമായി പ്രഖ്യാപിച്ച ജമാഅത്തിനെക്കുറിച്ചാണ് ജനാധിപത്യവാദികളെന്നവകാശപ്പെടുന്നവർ തെറ്റുധാരണയുടെ പുകമറ സൃഷ്ടിക്കുന്നത്. ജനാധിപത്യത്തെ നിരാകരിച്ച് സമാധാനപൂർണമായ സാമൂഹികവിപ്ലവം അസാധ്യമെന്ന വസ്തുത ആർക്കാണ് അറിഞ്ഞുകൂടാത്തത്? ജനാധിപത്യത്തിന്റെ ഈ വിശാലതയെക്കുറിച്ചും അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ചും മൗലാനാ മൗദൂദി വിശദീകരിക്കുന്നു:

“ഇസ്‌ലാം അതിന്റെ അനുയായികളിൽ സ്വതന്ത്ര ചിന്തയുടെ ചൈതന്യം കടത്തിവിടുന്നു. ശരിയായ ജനാധിപത്യ അടിത്തറകളിൽ അവരെ ശിക്ഷണം ചെയ്തെടുക്കുന്നു. ഏതഭിപ്രായവും പ്രകടിപ്പിക്കാം എന്നാണ് അത് പഠിപ്പിക്കുന്നത്. ഈ അവകാശം ഓരോ മനുഷ്യനും ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു” (*തഫ്ഹീമാത്ത്* ഒന്നാം ഭാഗം പേജ്: 106).

ജനാധിപത്യത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ഒരു ധാർമിക വ്യവസ്ഥക്കുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. നിയമനിർമാണത്തിന്റെ പരമാധികാരം ജനങ്ങൾക്കാണെന്ന ദൈവനിഷേധപരമായ ജനാധിപത്യ വിവക്ഷയെ നിരാകരിക്കുന്നതോടൊപ്പം ഭൂമിയിൽ ഏത് വ്യവസ്ഥ വരണമെന്ന് തീരുമാനിക്കാനുള്ള ജനങ്ങളുടെ അവകാശത്തെ അത് പൂർണമായും ഉൾക്കൊള്ളുകയും ചെയ്യുന്നു.

മതജീവിതം-പൊതുജീവിതം എന്ന വിഭജനത്തെ ശക്തമായി നേരിടുമ്പോഴും ഒരു ബദൽ വ്യവസ്ഥയായി ഇസ്‌ലാമിനെ അതിന്റെ എല്ലാ പുരോഗമനഭാവത്തോടും കൂടി ജമാഅത്ത് അവതരിപ്പിച്ചിട്ടുണ്ട്. എല്ലാ ഭൗതിക സന്നാഹങ്ങളോടെയും നിലയുറപ്പിച്ച സെക്യുലർ ശക്തികൾക്കിടയിൽ ദൈവികദർശനത്തെ പ്രതിനിധീകരിച്ച് എഴുന്നേറ്റുനിൽക്കുകയെന്ന അതിസാഹസികമായ ദൗത്യമാണ് ജമാഅത്ത് ഇതുവരെ നിർവഹിച്ചത്.

ലോകത്ത് നടക്കുന്ന ജനാധിപത്യപരമായ മാറ്റങ്ങളെ ഉൾക്കൊള്ളാനും സമ്പൂർണ വ്യവസ്ഥയെന്ന നിലയിലുള്ള ഇസ്‌ലാമിന്റെ തിരിച്ചുവരവിനെ ശ്രദ്ധിക്കാനും അതിന്റെ ഇന്ത്യൻ പതിപ്പായ ജമാഅത്തെ ഇസ്‌ലാമിയെ ദൈവിക മൂലപ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കാനുള്ള വിശാലത മത-മതേതര ബുദ്ധിജീവികൾക്ക് ഇനിയെങ്കിലും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കാം. ■